ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ റവന്യൂ ഓഫീസുകളും കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ ഘട്ടം ഘട്ടമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനാണ് പരിപാടിയിട്ടിരിക്കുന്നത്. 14 ജില്ലാ കളക്ടറേറ്റുകളും 63 താലൂക്കാഫീസുകളും 50 വില്ലേജാഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) 9 വില്ലേജുകളിലെ 34 താലൂക്കുകളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടുണ്ട്. മറ്റു ജില്ലകളിലെ 29 താലൂക്കുകളിലെയും, സംസ്ഥാനത്തെ 50 വില്ലേജാഫീസുകളിലെയും കമ്പ്യൂട്ടർവൽക്കരണം ദ്രുതഗതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(സി) ഇതിലേയ്ക്കാവശ്യമായ തുക കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ലഭ്യമാവുകയാണെങ്കിൽ റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം 3 വർഷം കൊണ്ട് പൂർത്തിയാക്കാൻ കഴിയും.

കോഴിക്കോട് നഗരത്തിലെ റോഡുകളുടെ പുനരുദ്ധാരണം

59 (871) ശ്രീ. എം. ദാസൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിൽ വെള്ളപ്പൊക്കം കാരണം കേടുവന്ന റോഡുകളും വഴികളും പുനരുദ്ധരിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവ നന്നാക്കുന്നതിനുവേണ്ടി ഉത്തരവ് നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 2-2-2001-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 305/2001/ ആർ. ഡി. പ്രകാരം കോഴിക്കോട് നഗരത്തിലെ 14 പുനരുദ്ധാരണ പണികൾക്ക് 25.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മംപുറം ബൈപ്പാസിന്റെ നിർമ്മാണം

60 (872) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ മംപുറം ബൈപ്പാസിന്റെ നിർമ്മാണത്തിനു വേണ്ടിയുള്ള ലാന്റ് അക്വിസിഷൻ നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) മംപുറം ബൈപ്പാസ് നിർമ്മാണത്തിനുവേണ്ടിയുള്ള അക്വിസിഷൻ നടപടി എന്നത്തേയ്ക്ക് പൂർത്തിയാക്കും, പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യും ; വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പ്രവൃത്തി പൂർത്തിയാക്കാനാവശ്യമായ തുക അടുത്ത ബഡ്ജറ്റിൽ വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആകെയുള്ള ആറ് ബ്ലോക്കുകളിലെയും വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ബേസിസ് റിപ്പോർട്ട് പരിശോധനയിലാണ്.

(ബി) 2001-2002 സാമ്പത്തികവർഷത്തിൽ ആദ്യം തന്നെ അക്വിസിഷൻ നടപടി പൂർത്തിയാക്കി സ്ഥലം പൊതുമരാമത്തു വകുപ്പിനെ ഏൽപ്പിക്കാൻ സാധിക്കുന്നതാണ്. പണി പൂർത്തിയാക്കേണ്ടത് പൊതുമരാമത്തുവകുപ്പാണ്.

(സി) ബഡ്ജറ്റിൽ തുക ഉൾപ്പെടുത്താൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

പൊന്നുംവിലയ്ക്ക് എടുത്ത സ്ഥലം ആവശ്യമില്ലെങ്കിൽ സ്വീകരിക്കേണ്ട നടപടി

61 (873) ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു ആവശ്യത്തിനായി പൊന്നുംവിലയ്ക്ക് എടുക്കുന്ന സ്ഥലം പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കേണ്ടി വരുന്നില്ലെങ്കിൽ എന്തു ചെയ്യണം എന്നാണ് വ്യവസ്ഥ ;

(ബി) ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ടോ ; എങ്കിൽ അവ ഏതെല്ലാം ;

(സി) ഇക്കാര്യത്തിൽ നിലവിലുള്ള ഗവൺമെന്റ് ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ട്. പൊന്നുംവിലയ്ക്ക് എടുത്ത സ്ഥലം ആ ആവശ്യത്തിന് വേണ്ടെങ്കിൽ, സ്ഥലം റവന്യൂവകുപ്പിനെ ഏൽപ്പിക്കുകയും ജില്ലാ കളക്ടർ മറ്റേതെങ്കിലും പൊതു ആവശ്യത്തിന് ഈ ഭൂമി ആവശ്യമാണോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ആവശ്യമെങ്കിൽ, ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്കോ, തദ്ദേശ സ്ഥാപനങ്ങൾക്കോ കൈമാറ്റം ചെയ്യുകയോ പതിച്ചു നൽകുകയോ ചെയ്യണം. ഇപ്പറഞ്ഞ പ്രകാരം ഭൂമി കൈമാറ്റം നടക്കുന്നില്ലെങ്കിൽ, കമ്പോളവിലയിൽ കുറയാത്ത വില കിട്ടത്തക്കവിധത്തിൽ ലേലം ചെയ്തു വിൽക്കേണ്ടതാണ്.

(സി) അനുബന്ധമായി † ചേർത്തിട്ടുണ്ട്.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly